Draft #1 of File 7815/AD A7/1/2020/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 17-Feb-2020 12:03 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

'ജൈവം 2017' - പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച രണ്ടാമത്തെ ചലച്ചിത്രമായ ' ടിപ്പ്' ന്റെ റിലീസുമായി ബന്ധപ്പെട്ട് വിവിധ സൗകര്യങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 933/AD A 7/2020/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 17.02.2020

---

*പരാമർശം:-*ജൈവം പദ്ധതിയുടെ ജന. കൺവീനറുടെ 13.02.2020 തീയതിയിലെ നം. ജൈവം സെൽ/15/2020 നമ്പരായുള്ള കുറിപ്പ്.

**<u>ഉത്തരവ്</u>**

'ജൈവം' പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 'ടിപ്പ്' എന്ന ചലച്ചിത്രത്തിന്റെ റിലീസിംഗ് 2020 ഫെബ്രുവരി 24 ന വിവിധ കേന്ദ്രങ്ങളിൽ നിശ്ചയിച്ചിരിക്കുകയാണെന്നും ആയതിലേക്കായി ചുവടെയുള്ള സൗകര്യങ്ങൾ അനുവദിച്ചു തരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജൈവം പദ്ധതിയുടെ ജനറൽ കൺവീനർ ബഹു. വൈസ് ചാൻസലർ മുൻപാകെ പരാമർശം കുറിപ്പ് നൽകിയിരുന്നു.

1. 2020 ഫെബ്രുവരി 18 ന രാവിലെ 10 മുതൽ വൈകിട്ട് 5 വരെ എറണാകുളത്ത് നടക്കുന്ന ചാനൽ പ്രൊമോഷൻ ഷൂട്ടിനുള്ള മെറ്റീരിയൽസ് എത്തിക്കുന്നതിനും വൈകിട്ട് തിരികെ കൊണ്ടു വരുന്നതിനുമായി സർവകലാശാലയുടെ ഒരു വാഹനം അനുവദിക്കുന്നതിനും ഈ പരിപാടിയുടെ നടത്തിപ്പിനായി ഡോ. സന്തോഷ് പി. തമ്പി, ശ്രീ സുനിൽ കുമാർ എൻ (എസ്. ഓ., പി. വി. സി. യുടെ ഓഫീസ്), ശ്രീ ടെസിൻ സൈമൺ (എ. എസ്. ഒ. ജൈവം സെൽ) എന്നിവരെ നിയോഗിക്കുന്നതിനുള്ള അനുമതി.
2. സിനിമയുടെ ആദ്യാവതരണ ക്ഷണപത്രിക വിശിഷ്ടാതിഥികൾക്ക് നൽകി ക്ഷണിക്കുന്നതിന ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട യാത്രകൾക്ക് വാഹനം അനുവദിക്കുന്നതിനുമുള്ള അനുമതി.
3. സിനിമയുടെ പോസ്റ്ററുകൾ, പരസ്യ സ്റ്റാൻഡീസുകൾ എന്നിവ പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള തീയറ്ററുകളിൽ എത്തിക്കുന്നതിന വാഹനം അനുവദിക്കുന്നതിനുള്ള അനുമതി.
4. ഫെബ്രുവരി 24 ന സിനിമയുടെ പ്രിവ്യൂ ഷോയ്ക്ക് ഏറ്റുമാനൂർ UGM തീയറ്ററിലേക്കും ഷോയ്ക്ക് ശേഷം മാധ്യമ പ്രവർത്തകരോടൊപ്പം പ്രസ് മീറ്റിനായി തിരിച്ച് സർവകലാശാലയിലേക്കുമുള്ള യാത്രയ്ക്ക് ഒരു സർവകലാശാലാ ബസ്സ് അയയ്ക്കുന്നതിനുള്ള അനുമതി.
5. ഫെബ്രുവരി 24 ന ഉച്ചയ്ക്ക് ശേഷം പ്രസ്സ് മീറ്റിനായി സിൻഡിക്കേറ്റ് ഹാൾ/വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാൾ അനുവദിക്കുന്നതിനുള്ള അനുമതി.
6. തിരുവനന്തപുരത്തെ തീയറ്ററിൽ സിനിമ കാണുവാനെത്തുന്ന മന്ത്രിമാർ, മറ്റു വിശിഷ്ടാതിഥികൾ എന്നിവരെ സ്വീകരിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഒരുക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഡെപ്യൂട്ട് ചെയ്യുന്നതിനുമുള്ള അനുമതി.

7. തീയറ്ററുകളിലെ അവസാന പ്രദർശനത്തിനു ശേഷം പരസ്യ സ്റ്റാൻഡീസുകളും മറ്റും തിരികെയെടുത്തു കൊണ്ടുവരുന്നതിനായി ഒരു വാഹനം അനുവദിക്കുന്നതിനുള്ള അനുമതി.
8. റിലീസിനോടനുബന്ധിച്ചുള്ള അടിയന്തര യാത്രകൾക്ക് വാഹനം അനുവദിക്കുന്നതിനുള്ള അനുമതി.

ജൈവം പദ്ധതിയുടെ 'ജനറൽ കൺവീനറുടെ' പരാമർശം കുറിപ്പ് വിശദമായി പരിശോധിച്ചതിനെത്തുടർന്ന് മേൽ ആവശ്യങ്ങൾക്ക് അംഗീകാരം നൽകി ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവു പുറപ്പെടുവിക്കുന്നു.

പോൾ വർഗീസ്

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

'ജനറൽ കൺവീനർ', ജൈവം പദ്ധതി
ജൈവം സെൽ/എസ്റ്റേറ്റ് ഓഫീസർ (തുടർനടപടികൾ സ്വീകരിക്കുന്നതിനു)
വൈസ് ചാൻസലറുടെ/പ്രൊ-വൈസ് ചാൻസലറുടെ പി. എസ്.
രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി. എ.
ജോയിന്റ് രജിസ്ട്രാർ 3 (ഭരണം)/അസി. രജിസ്ട്രാർ 5 (ഭരണം)
ജോയിന്റ് ഡയറക്ടർ, കെ. എസ്. എ. ഡി.
ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഫിൻ.) ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഫിൻ.)
ഓഡിറ്റ് 1/ ഓഡിറ്റ് 5
റെക്കോർഡ്സ് / കണ്ടന്റ് മാനേജ്മെന്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 7815/AD A7/1/2020/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 17-Feb-2020 12:03 PM - Page 2